# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 4          06.01.2014 ൽ മറുപടിയ്ക്ക്

### കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച പുതുക്കിയ കേന്ദ്ര ഉത്തരവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.പാലോട് രവി<br>ശ്രീ.കെ.ശിവദാസൻ നായർ | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പശ്ചിമഘട്ട സംരക്ഷണത്തിനുള്ള കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് മുൻപ് ഇറക്കിയ കേന്ദ്ര ഗവൺമെന്റ് ഉത്തരവിൽ മാറ്റം വരുത്തിയതായി അറിയാമോ; | (എ) അറിയാം. |
| (ബി) മാറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) 19.10.2013, 13.11.2013, 16.11.2013, 20.12.2013 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരമാണ് കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിന്മേലുള്ള കേന്ദ്ര സർക്കാർ തീരുമാനങ്ങൾ അറിയിച്ചിരിക്കുന്നത്. പരിസ്ഥിതിലോല പ്രദേശങ്ങൾ നിർണ്ണയിക്കാൻ കസ്തൂരിരംഗൻ കമ്മിറ്റി |

നിശ്ചയിച്ച മാനദണ്ഡങ്ങൾക്ക് അനുസരിച്ചായിരുന്നില്ല കേരളത്തിലെ 123 വില്ലേജുകൾ ESA യിൽ ഉൾപ്പെടുത്തിയതെന്ന കാര്യം സംസ്ഥാന മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഉപഗ്രഹം ഉപയോഗിച്ച് റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി നടത്തിയ കണ്ടെത്തൽ യാഥാർത്ഥ്യങ്ങളുമായി പൊരുത്തപ്പെടുന്നതല്ലെന്ന വിമർശനം ഉണ്ടായ സാഹചര്യത്തിൽ 20.12.2013 ലെ പുതിയ ഓഫീസ് മെമ്മോറാണ്ടം പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിരുകൾ തിട്ടപ്പെടുത്താനും അതിനായി ബന്ധപ്പെട്ടവരുടെയും, സംസ്ഥാന സർക്കാരുകളുടെയും അഭിപ്രായം തേടാനും അതിനുശേഷം മാത്രമേ അന്തിമ വിജ്ഞാപനം ഉണ്ടാവുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്. നേരിട്ടു പരിശോധന നടത്തി, സംസ്ഥാന സർക്കാരുകൾക്ക് ഭേദഗതി നിർദ്ദേശിക്കാമെന്നും മെമ്മോറാണ്ടത്തിൽ അറിയിച്ചിട്ടുണ്ട്.

(സി) പരിസ്ഥിതിലോല മേഖലകളുടെ അതിരുകളെ

(സി) പരിസ്ഥിതിലോല പ്രദേശങ്ങളുടെ അതിർത്തികളും, അവിടെ ഏർപ്പെടു

| | | | |
|---|---|---|---|
| | ക്കുറിച്ച് സംസ്ഥാനങ്ങൾ നേരിട്ട് പഠനം നടത്തി ഭേദഗതി നിർദ്ദേശിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്; | | ത്തുന്ന നിയന്ത്രണങ്ങളും സംബന്ധിച്ച കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതാണെന്നും, അതിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ അറിഞ്ഞ ശേഷം മാത്രമേ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയുള്ളൂ എന്നും പുതിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സംസ്ഥാന സർക്കാരുകൾക്ക് പരിസ്ഥിതി ലോല പ്രദേശങ്ങൾ നേരിട്ട് പരിശോധന നടത്തി ഭേദഗതികൾ നിർദ്ദേശിക്കാനും അവസരം ഉണ്ടായിരിക്കയാണ്. |
| (ഡി) | കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്കകൾ അകറ്റാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | (ഡി) | 1. കസ്തൂരിരംഗൻ കമ്മിറ്റിയുടെ ശുപാർശകൾ അറിഞ്ഞപ്പോൾത്തന്നെ, അതിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കണക്കിലെടുക്കാതെ അന്തിമ തീരുമാനം എടുക്കരുതെന്ന് കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായി.<br>2. പ്രാദേശികമായ സർവ്വേ നടത്തി ESA പ്രദേശങ്ങൾ നിർണ്ണയിക്കണമെന്നും ESA ക്ക് ചുറ്റും ഉള്ള ബഫർ സോൺ ഒഴിവാക്കണമെന്നും 01.01.1977 ന് മുമ്പ് കൈവശാവകാശം ഉള്ള ഭൂമിയെ ESA യിൽ ഉൾപ്പെടുത്തരുതെന്നും മുഖ്യമന്ത്രി രേഖാമൂലം പ്രധാന മന്ത്രിയോടും കേന്ദ്ര |

പരിസ്ഥിതി മന്ത്രിയോടും ആവശ്യപ്പെടുകയുണ്ടായി..

3. രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുചേർത്ത് അവരുടെ അഭിപ്രായവും ഗവൺമെന്റ് ആരാഞ്ഞു.

4. ഇതേത്തുടർന്ന് ഡോ.ഉമ്മൻ.വി.ഉമ്മൻ, കൺവീനർ, പ്രൊഫ.വി.എൻ.രാജശേഖരൻ പിള്ള, ശ്രീ.പി.സി.സിറിയക്ക് എന്നിവരടങ്ങിയ മൂന്നംഗ വിദഗ്ധ സമിതിയെ ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ സർക്കാർ നിയോഗിച്ചു. സമിതി ESA മേഖലകൾ സന്ദർശിച്ച് വിശദമായ പഠനം നടത്തി കരട് റിപ്പോർട്ട് 03.01.2014 ൽ സർക്കാരിന് സമർപ്പിച്ചു. ഈ റിപ്പോർട്ട് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് ലഭ്യമാകുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച ശേഷം ആയിരിക്കും അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്നത്. കമ്മിറ്റിയുടെ ഇടക്കാല റിപ്പോർട്ടിലെ ശുപാർശ പ്രകാരം അതാതിടങ്ങളിലെ യഥാർത്ഥ പരിസ്ഥിതി ലോല പ്രദേശങ്ങൾ കണ്ടെത്തി നിർണ്ണയിക്കുന്നതിനായി നേരിട്ടു പരിശോധന നടത്തി, സർക്കാരിലേക്കു ശുപാർശ നൽകുന്നതിനായി ഗ്രാമപഞ്ചാ

യത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി പ്രാദേശിക പരിശോധനാ സമിതികൾ 123 നിർദ്ദിഷ്ഠ പരിസ്ഥിതിലോല വില്ലേജുകളിലും രൂപീക രിച്ചു.

5.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ സഹായകരമല്ലാത്ത ഇടക്കാല ഉത്തര വുകൾ ഉണ്ടായിരുന്നത് ഭേദഗതി ചെയ്യപ്പെടുവാൻ സാധിച്ചു.

6. വിദഗ്ധ സമിതി രൂപീകരിച്ച കാര്യവും, റിപ്പോർട്ട് കിട്ടിയശേഷം വിശദമായ റിപ്പോർട്ടു സമർപ്പിക്കുമെന്നും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചു.

7. ഇക്കാര്യങ്ങൾ 27.12.2013 ൽ നടന്ന പാർലമെന്റംഗങ്ങളുടെ സമ്മേളനത്തിൽ സർക്കാർ വിശദീകരിക്കുകയും, ജനങ്ങൾ ക്കുണ്ടായിട്ടുള്ള ആശങ്കകൾ അകറ്റാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്ത ണമെന്ന് ആവശ്യപ്പെടുകയും ചെയ്തി ട്ടുണ്ട്.

സെക്ഷൻ ഓഫീസർ